കേരള സർക്കാർ

നം.തസ്വഭവ/ഡി.എ1-125/2016-തസ്വഭവ

തദ്ദേശസ്വയംഭരണ (ഡി.എ) വകുപ്പ്
തിരുവനന്തപുരം,തീയതി : 09.03.2016

## സർക്കുലർ

വിഷയം:- തദ്ദേശസ്വയംഭരണ വകുപ്പ്-വനിതകൾക്ക് സ്വയം തൊഴിൽ-ഓട്ടോറിക്ഷകൾ നൽകുന്നത് - നിർദ്ദേശങ്ങൾ - സംബന്ധിച്ച്.

സൂചന:- 1) 11.01.16-ലെ സ.ഉ.(എം.എസ്) നം.04/2016/തസ്വഭവ

2) 17.02.2016 -ലെ കോ-ഓർഡിനേഷൻ കമ്മിറ്റി തീരുമാനം 2.4

വനിതകൾക്ക് സ്വയം തൊഴിൽ കണ്ടെത്തുന്നതിനായി വനിതാഘടക പദ്ധതിയിൽ ഉൾപ്പെടുത്തി ഓട്ടോറിക്ഷകൾ നൽകുന്നതിന് സൂചന ഉത്തരവ് പ്രകാരം അനുമതി നൽകിയിട്ടുണ്ട്. സൂചനയിലെ കോ-ഓർഡിനേഷൻ കമ്മിറ്റി തീരുമാനത്തിന്റെ അടിസ്ഥാനത്തിൽ താഴെ പറയുന്ന നിർദ്ദേശങ്ങൾ കൂടി പുറപ്പെടുവിക്കുന്നു.

ആദ്യഘട്ടമെന്ന നിലയിൽ ഓരോ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിലും കുറഞ്ഞത് 10 ഓട്ടോറിക്ഷയെങ്കിലും നൽകുന്നതിനുള്ള നടപടി സ്വീകരിക്കാവുന്നതും ഇതിലേയ്ക്കായി കുടുംബശ്രീയുടെ 'പ്ലാൻ മിത്ര' തയ്യാറാക്കുന്ന പ്രോജക്ടുകൾ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ ഉപയോഗിക്കേണ്ടതുമാണ്.

ഈ പദ്ധതി പ്രകാരം വാങ്ങിക്കുന്ന ഓട്ടോറിക്ഷകൾക്ക് മാർക്കറ്റ് വിലയേക്കാൾ കുറഞ്ഞ വില നിശ്ചയിക്കുന്നതിനും വനിതാ ഡ്രൈവർമാർക്ക് സൗജന്യ പരിശീലനം നൽകുന്നതിനും സബ്സിഡി കിഴിച്ചുള്ള തുക ധനകാര്യ സ്ഥാപനങ്ങളിൽ നിന്നും കുറഞ്ഞ നിരക്കിൽ ലഭ്യമാക്കുന്നതിനും വേണ്ടി താഴെ പറയുന്ന നടപടികൾ സ്വീകരിക്കേണ്ടതാണ്.

1. വിവിധ കമ്പനികളുമായി ചർച്ച ചെയ്ത് ഏറ്റവും കുറഞ്ഞ നിരക്കിൽ ഓട്ടോറിക്ഷയുടെ വില നിശ്ചയിക്കുന്നതിന് തദ്ദേശസ്വയംഭരണ വകുപ്പ് സ്പെഷ്യൽ സെക്രട്ടറിയും സ്റ്റേറ്റ് പെർഫോമൻസ് ഓഡിറ്റ് ഓഫീസറും കുടുംബശ്രീ പ്രതിനിധികളും ഉൾപ്പെട്ട സമിതി നടപടികൾ സ്വീകരിക്കേണ്ടതാണ്.
2. പത്ത് ശതമാനത്തിലധികരിക്കാത്ത പലിശ നിരക്കിൽ ധനകാര്യ സ്ഥാപനങ്ങളിൽ നിന്നും ലോൺ ലഭ്യമാക്കേണ്ടതാണ്.
3. ഈ പദ്ധതിയുടെ പ്രയോജനം ലഭിക്കുന്ന വനിതകളുടെ ഡ്രൈവിംഗ് പരിശീലനം, ലൈസൻസ് ബാഡ്ജ് എന്നിവ ലഭിക്കുന്നതിനുള്ള നടപടികൾ കുടുംബശ്രീ സ്വീകരിക്കേണ്ടതാണ്.
4. തെരഞ്ഞെടുക്കപ്പെടുന്ന വാഹനത്തിന്റെ ഒരു വർഷത്തെ ആക്സിഡന്റ് ഇൻഷ്വറൻസ് സൗജന്യമായി നൽകേണ്ടതും വാഹനത്തിന്റെ പീരിയോഡിക് മെയിന്റനൻസ്, പ്രോജക്ട് ട്രെയിനിംഗ്, ഒരു വർഷത്തേയ്ക്കുള്ള സൗജന്യ സർവ്വീസ്, കസ്റ്റമർ കെയർ സർവ്വീസ് സംബന്ധിച്ച സൗജന്യ മെഡിക്കൽ കിറ്റുകൾ, അംഗത്തിനും കുടുംബത്തിനും സൗജന്യ മെഡിക്കൽ ക്ലെയിം ഇൻഷ്വറൻസ്, വാഹനത്തിന് any time and any where support എന്നിവ സൗജന്യമായി നൽകേണ്ടതാണ്. ഇതിന് അടിയന്തിര നടപടികൾ തദ്ദേശസ്വയംഭരണ വകുപ്പ് സ്പെഷ്യൽ സെക്രട്ടറി സ്വീകരിക്കേണ്ടതാണ്.

കെ.എസ്.ശോഭന
ജോയിൻറ് സെക്രട്ടറി

പഞ്ചായത്ത് ഡയറക്ടർ, തിരുവനന്തപുരം.
നഗരകാര്യ ഡയറക്ടർ, തിരുവനന്തപുരം.
ഗ്രാമവികസന കമ്മീഷണർ, തിരുവനന്തപുരം.
എക്സിക്യൂട്ടീവ് ഡയറക്ടർ,കുടുംബശ്രീ.
എല്ലാ ജില്ലാ പഞ്ചായത്ത് സെക്രട്ടറിമാർക്കും.
എക്സിക്യൂട്ടീവ് ഡയറക്ടർ, ഐ.കെ.എം.
ഓഫീസ് കോപ്പി/സ്റ്റോക്ക് ഫയൽ.

ഉത്തരവിൻ പ്രകാരം
സെക്ഷൻ ഓഫീസർ.

**പകർപ്പ് -** തദ്ദേശസ്വയംഭരണ വകുപ്പ് സ്പെഷ്യൽ സെക്രട്ടറിയുടെ പി.എ.യ്ക്ക്
സ്റ്റേറ്റ് പെർഫോമൻസ് ഓഡിറ്റ് ഓഫീസർ